**പതിന്നാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ**

**ചോദ്യം നമ്പർ. *227** 15/07/2016-ൽ മറുപടിയ്ക്ക്.

**ക്ഷീര സംഘങ്ങൾക്ക് കൂടുതൽ ധന സഹായം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. സി.കെ.ആശ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി ക്ഷീര സംഘങ്ങൾക്ക് കൂടുതൽ ധന സഹായം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. "ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായവും ഗുണമേന്മ മെച്ചപ്പെടുത്തലും" എന്ന പദ്ധതി പ്രകാരം പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സംഭരണവും വിപണനവും മെച്ചപ്പെടുത്തുന്നതിന് ക്ഷീരസഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും ആധുനികവല്ക്കരിക്കുകയും ചെയ്യുക തുടങ്ങിയവ വിഭാവനം ചെയ്യുന്നു. ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സാങ്കേതിക മികവ് വരുത്തുവാനും സുതാര്യത ഉറപ്പുവരുത്തുവാനുമായി ക്ലീൻ മിൽക്ക് പ്രോഗ്രാം, നാഷണൽ പ്ലാൻ ഫോർ ഡയറി ഡെവലപ്മെന്റ്, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികൾക്ക് കീഴിൽ ബൾക്ക് മിൽക്ക് കൂളറുകൾ, മിൽക്ക് അനലൈസറുകൾ, ഇലക്ട്രോണിക് വെയിംഗ് സ്കെയിലുകൾ, ഡാറ്റാ പ്രോസ്സസറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ഗ്രാമതലത്തിൽ ലഭ്യമാക്കിക്കൊണ്ട് മിൽമ ക്ഷീരസംഘങ്ങളുടെ നവീകരണത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. |
| (ബി) | ക്ഷീര സംഘങ്ങളുടെ കീഴിൽ മൊബൈൽ കറവ യൂണിറ്റുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ബി) | ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.